(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കുമോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സെർവന്റ് തസ്തികയിലേക്ക് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള നിലവിലുള്ള ഒഴിവുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലം ജില്ലയിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

111 (1749) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി. എസ്. സി.-ക്ക് റിപ്പോർട്ടു ചെയ്യപ്പെടാതെയുണ്ട് എന്നുവിശദമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിൽ കൊട്ടാരക്കര ജില്ലാട്രഷറി ആഫീസിൽ നിന്ന് ട്രഷറി ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ടുചെയ്ത രണ്ട് ഒഴിവുകളിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തെരഞ്ഞെടുപ്പു ചെലവുകളുടെ ഓഡിറ്റിംഗ്**

112 (1750) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർ തെരഞ്ഞെടുപ്പ് ചെലവുകളുടെ ഓഡിറ്റിംഗ് വർഷാവർഷം നടത്താറുണ്ടോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് തെരഞ്ഞെടുപ്പ് ചെലവുകൾ ഓഡിറ്റ് ചെയ്യാറുള്ളതെന്നറിയിക്കുമോ ;

(സി) ജില്ലാ കളക്ടർമാരുടെ നിയന്ത്രണത്തിൽ നൽകുന്ന ഫണ്ടിന്റെ ചെലവുകൾ ചീഫ് ഇലക്ടറൽ ഓഫീസറുടെ കീഴിലുള്ള ഇന്റേണൽ ഓഡിറ്റ് വിഭാഗം പരിശോധിക്കാറുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ പെൻഡിംഗിലുള്ള ഓഡിറ്റ് എത്രയുംവേഗം നടത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള അക്കൗണ്ട്സ് വിഭാഗവും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് വിഭാഗവുമാണ് തെരഞ്ഞെടുപ്പ് ചെലവുകൾ ഓഡിറ്റ് ചെയ്യുന്നത്.

(സി & ഡി) തെരഞ്ഞെടുപ്പ് ചെലവുകൾക്കായി ജില്ലാ കളക്ടർമാർക്ക് നൽകുന്ന ഫണ്ടിന്റെ വിനിയോഗം തെരഞ്ഞെടുപ്പ് വകുപ്പിലെ അക്കൗണ്ട്സ് വിഭാഗം പരിശോധിക്കാറുണ്ട്.

വിമുക്ത ഭടന്മാരുടെ ക്ഷേമം

113 (1751) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടൻമാരുടെ ക്ഷേമം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) വിമുക്തഭടൻമാരുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. വിമുക്തഭടന്മാരുടെ ക്ഷേമം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ശ്രീ. എൻ. വി. ജി. നമ്പ്യാർ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) നിയോഗിച്ചിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് കോർപ്പറേഷൻ സർക്കാരിന് സമർപ്പിക്കുകയും റിപ്പോർട്ടിലെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ശുപാർശകൾ പരിഗണിക്കുന്നതിനായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റിപ്പോർട്ടിലെ സംസ്ഥാന തലത്തിൽ നടപടികൾ സ്വീകരിക്കേണ്ട ശുപാർശകളിന്മേൽ പഠനം നടത്തി സമഗ്രമായ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുവാൻ സൈനിക ക്ഷേമ ഡയറക്ടറോടും കെക്സ്കോൺ എം. ഡി. യോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള രാജ്യ സൈനിക ബോർഡിന്റെ യോഗങ്ങൾ കാലാകാലങ്ങളിൽ ചേർന്ന് വിമുക്ത ഭടന്മാരുടെ നിലവിലുള്ള ക്ഷേമ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും കാലോചിതമായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. വിമുക്ത ഭടന്മാരുടെ ക്ഷേമത്തിനായി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly